പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 443 07.01.2014 -ൽ മറുപടിക്ക്

കാസർഗോഡ് - കാഞ്ഞങ്ങാട് ബസ് ഡിപ്പോ

ചോദ്യം
ശ്രീ. ഇ. ചന്ദ്രശേഖരൻ :

ഉത്തരം
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി 2013 ജനുവരി 1 ന് ശേഷം പുതിയ എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ട്; | (എ) | 01.01.2013 മുതൽ 375 ഷാസികൾ വാങ്ങിയിട്ടുണ്ട്. |
| (ബി) | പുതിയ ബസ്സുകളിൽ എത്രയെണ്ണം വീതമാണ് കാസർഗോട്, കാഞ്ഞങ്ങാട് ഡിപ്പോകൾക്ക് അനുവദിച്ചത്; | (ബി) | 28 പുതിയ ബസുകൾ കാസർഗോഡ് ഡിപ്പോയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ വർഷം കാഞ്ഞങ്ങാട് ഡിപ്പോയ്ക്ക് പുതിയ ബസുകൾ ഒന്നും അനുവദിച്ചിട്ടില്ല. |
| (സി) | കാഞ്ഞങ്ങാട് ഡിപ്പോയിൽ ആകെ എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നത് ; | (സി) | 62 ബസുകൾ സർവീസ് നടത്തുന്നുണ്ട്. |
| (ഡി) | ടി ഡിപ്പോയിൽ എത്ര ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുള്ളത് ; | (ഡി) | 52 ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുള്ളത്. |
| (ഇ) | കാസർഗോട്, കാഞ്ഞങ്ങാട് ഡിപ്പോകളിൽ കാലപ്പഴക്കം ചെന്ന എത്ര ബസ്സുകൾ നിലവിലുണ്ട് ; | (ഇ) | കാസർഗോഡ് ഡിപ്പോയിൽ 14 വർഷത്തിനുമേൽ പഴക്കമുള്ള 3 ബസുകളും 13 വർഷത്തിനുമേൽ പഴക്കമുള്ള 9 ബസുകളുമുണ്ട്. കാഞ്ഞങ്ങാട് ഡിപ്പോയിൽ 13 വർഷത്തിനു മുകളിൽ പ്രായമുള്ള 11 ബസുകളുണ്ട്. |
| (എഫ്) | ഈ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് ഉപയോഗിക്കുന്നുണ്ടോ ; വിശദമാക്കുമോ ? | (എഫ്) | മോട്ടോർ വാഹന നിയമപ്രകാരം ഒരു ബസിന് 15 വർഷം വരെ സ്റ്റേജ് ക്യാരിയേജായി സർവീസ് നടത്താമെന്നതിനാൽ ഈ ബസുകൾ സർവീസിന് ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ